# കൈത്താക്കാലം

## വചന വിചിന്തനം

### ഏഴാം ഞായർ

### ലൂക്കാ 18,1-8

***"എപ്പോഴും പ്രാർത്ഥിക്കണം എന്നു പഠിപ്പിക്കാൻ***
***കർത്താവ് പറഞ്ഞ ഉപമയുടെ പേര്,***
***"ന്യായാധിപനും വിധവയും."***
***ഇതിൽ, വിധവ ന്യായാധിപനെ നിരന്തരം സമീപിച്ചത്***
***തനിക്ക് ന്യായമായതും നീതിയായതും ലഭിക്കുന്നതിന്.***
***എങ്കിൽ, നാം പ്രാർത്ഥിക്കേണ്ടത്***
***ന്യായമായും നീതിയായതും ലഭിക്കുന്നതിന് വേണ്ടിയല്ലേ?"***

*നിസ്സഹായതകളെയും നിസാരതകളെയും പ്രാർത്ഥനയുടെ ബലത്താൽ അതിജീവിക്കാനാകും. പക്ഷെ, വിശ്വാസത്തോടൊപ്പം സ്ഥിരോത്സാഹവും ചേരേണ്ടവിധത്തിൽ ചേർക്കേണ്ടിയിരിക്കുന്നു!*

വൈകുന്നേരം ജോലി കഴിഞ്ഞ് വന്ന ജോസഫേട്ടനോട് പരീക്ഷ കഴിഞ്ഞ് വന്ന മകൻ ടോണി ചോദിച്ചു, "അപ്പാ, ഇന്ത്യയുടെ തലസ്ഥാനം ബോംബെ അല്ലേ?" അപ്പന് അതിശയമായി. മകൻ പഠിക്കുന്നത് ഒമ്പതാം ക്ലാസിലാണ്. എന്നിട്ടും, ഇന്ത്യയുടെ തലസ്ഥാനം എവിടെയാണെന്നറിയില്ലല്ലോ! അപ്പൻ മകനോട് തിരിച്ച് ചോദിച്ചു, "നീ ഇപ്പോൾ ഏത് ക്ലാസിലാണ് പഠിക്കുന്നത്? ഒമ്പതാം ക്ലാസിൽ തന്നെയല്ലേ? എന്നിട്ടും, ഇന്ത്യയുടെ തലസ്ഥാനം എതെന്ന് ഇന്നു വരെ പഠിച്ചിട്ടില്ലേ?"

മകൻ തിരിച്ച് പറഞ്ഞു, "ഞാൻ പഠിച്ചിട്ടുണ്ട്. പക്ഷെ, ഇപ്പോൾ ഒരു സംശയം ബോംബെ ആണോ എന്ന്. അതാ ചോദിച്ചത്."

അപ്പൻ തിരിച്ച് ചോദിച്ചു, "എന്നിട്ട്, നീ എന്ത് ഉത്തരമാണ് പരീക്ഷയ്ക്ക് എഴുതിയത്?"

മകൻ പറഞ്ഞു, "ഞാൻ ബോംബെ എന്നാണ് എഴുതിയത്. പക്ഷെ, പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ രാജേഷ് പറയുന്നു 'ഡൽഹി' ആണെന്ന്. ഇപ്പോൾ ആകെ കൺഫ്യൂഷ്യനായി!"

അപ്പൻ പറഞ്ഞു, "ഞങ്ങളൊക്കെ പഠിക്കുമ്പോഴും, ഇപ്പോഴും ഡൽഹി ആണ് ഇന്ത്യയുടെ തലസ്ഥാനം എന്നാണ് എന്റെ അറിവ്."

ഈ ഉത്തരം ടോണിയുടെ ചങ്കിൽ വന്ന് പതിച്ചത് ഉൽക്കപോലെയായിരുന്നു. പക്ഷെ, ടോണി വിട്ടു കൊടുക്കാൻ തയ്യാറായില്ല. വൈകുന്നേരം, ജപമാല ചൊല്ലാൻ ജോസഫേട്ടൻ വന്നപ്പോൾ കണ്ട കാഴ്ച്ചയോ, സാധാരണ ആരെങ്കിലും നിർബന്ധിച്ചാൽ മാത്രം കൊന്ത ചൊല്ലാൻ വരുന്ന ടോണികുട്ടൻ ആദ്യമെ പ്രസന്റ് ആണ്. കൈയിൽ ചെറിയ കൊന്തയും പിടിച്ച് അവൻ പ്രാർത്ഥിക്കുന്നത് കേട്ടാൽ ചിരി വരും. അവൻ പ്രാർത്ഥിക്കുകയാണ്,

"മാതാവേ, ഇന്ത്യയുടെ തലസ്ഥാനം ബോംബെ ആക്കണേ......."

വിധവയുടെ പ്രാർത്ഥന തനിക്ക് നീതി നടത്തി തരണമേ എന്നുള്ളത് മാത്രമായിരുന്നു. തനിക്ക് അർഹമായത് ലഭിക്കുന്നതിന് വേണ്ടി മാത്രമാണ് ന്യായാധിപനെ അവൾ നിരന്തരം സമീപിച്ചുകൊണ്ടിരുന്നത്. തനിക്ക് ന്യായമായത് നീതിയായത് ലഭിക്കുന്നതിന് വേണ്ടി മാത്രമാണ് കൂപ്പിയ കരങ്ങളോടെ ന്യായാധിപന്റെ മുമ്പിൽ നിന്നത്. നാം ദൈവതിരുസന്നിധിയിൽ കൂപ്പിയ കരങ്ങളോടെ നിൽക്കുന്നത് എന്തിന് വേണ്ടിയാണ്? മുകളിൽ കണ്ട ടോണി കുട്ടനിൽ നിന്ന് എന്തെങ്കിലും വ്യതിരക്തത നമ്മുടെ പ്രാർത്ഥനാ നിയോഗങ്ങൾക്കുണ്ടോ? "ഇന്ത്യയുടെ തലസ്ഥാനം ബോംബെ ആക്കണമേ..." എന്നുള്ള സ്വർത്ഥത നിറഞ്ഞ പ്രാർത്ഥനകളല്ലേ ദൈവ തിരുമുമ്പിൽ നാം സമർപ്പിക്കുന്നത്.

ദൈവീക നീതിയേക്കാളും ദൈവീക ന്യായത്തെക്കാളും ദൈവമേ, എന്റെ ഇഷ്ടം നിറവേറ്റി എന്നെ അനുഗ്രഹിക്കണമേ എന്ന് ഞാൻ പ്രാർത്ഥിക്കുമ്പോൾ മനസ്സിൽ വിരിഞ്ഞ ഭാവനയിലെ ടോണിയിൽ നിന്ന് നാം വ്യത്യസ്ഥനല്ല. നമ്മുടെ പ്രാർത്ഥനകളിൽ പലപ്പോഴും മുൻഗണന കൊടുക്കുന്നത് ദൈവത്തിന്റെ നീതിബോധത്തെക്കാൾ നമ്മുടെ സ്വാർത്ഥത നിറഞ്ഞ നീതിബോധത്തിനാണ്. പക്ഷെ, ദൈവം കേൾക്കുന്ന പ്രാർത്ഥനകളുടെ വലിയ സവിശേഷത, "അവിടെ സ്വാർത്ഥതകൾക്കും സ്വന്തം ഇഷ്ടത്തിനും സ്ഥാനമില്ല" എന്നുള്ളതാണ്.

"എപ്പോഴും പ്രാർത്ഥിക്കണം" എന്നതിനെ സാധൂകരിക്കാനാണ് ന്യായാധിപന്റെയും വിധവയുടെയും ഉപമ കർത്താവ് പറയുന്നത്. ഇതിൽ, ന്യായാധിപൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കാത്തവനുമാണ്. എന്നാൽ, വിധവയാകട്ടെ, മറ്റാരും ആശ്രയമില്ലാത്തവളും മറ്റുള്ളവരുടെ കാണുണ്യത്തിന്റെ തണലിൽ അന്തിയുറങ്ങുന്നവളുമാണ്. അതുകൊണ്ട് മാത്രമാണ് ന്യായധിപന് മുമ്പിൽ കൂപ്പിയ കരങ്ങളുമായി അവൾ നിലയുറപ്പിക്കുന്നത്. പക്ഷെ, ന്യായാധിപനായിരിക്കാൻ ഒരിക്കലും യോഗ്യനല്ലാത്ത മനുഷ്യനിൽ നിന്ന് അവളുടെ സ്ഥിരോത്സാഹം കൊണ്ട് ന്യായം അവൾ പിടിച്ച് വാങ്ങുന്നുണ്ടെങ്കിൽ ക്രിസ്തു ചോദിക്കുന്നത്, "രാവും പകലും തന്നെ വിളിച്ചു കരയുന്നതൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കു ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ? അവിടുന്ന് അതിനു കാലവിളംബം വരുത്തുമോ? അവർക്കു വേഗം നീതി നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 18,7 - 8). ദൈവത്തെ ഭയപ്പെടുകയോ മനുഷ്യനെ മാനിക്കുകയോ ചെയ്യാത്തവനിൽ നിന്ന് നീതി നടത്തി കിട്ടുക അസാധ്യമാണ്. എന്നിട്ടും, കല്ലിനെപോലും അലിയിക്കുന്ന പ്രാർത്ഥനയുടെ ശക്തിയും സ്ഥിരോത്സാഹത്തിന്റെ തീക്ഷ്ണതയും അവളിൽ നിറഞ്ഞ് നിന്നപ്പോൾ അവളുടെ പരിശ്രമത്തിന് വിജയം കണ്ടു.

ബസ്സിൽ
തോണ്ടിവിളിക്കുന്ന
ഭിക്ഷക്കാർക്ക് മുമ്പിൽ
പ്രകടമാക്കുന്ന
അസ്വസ്ഥത!
പക്ഷേ,
അവശ്യക്കാരന്
ഔചിത്യമില്ല!
അവൻ തോണ്ടി
വിളിച്ചുകൊണ്ടേയിരിക്കും!

ചരിത്രത്തിൽ കേട്ടിട്ടുള്ള കഥകളിൽ വച്ച് ഏറ്റവും ക്രിയാത്മകമായ ശക്തി നിറച്ചിട്ടുള്ള സംഭവങ്ങളിലൊന്ന് നെപ്പോളിയൻ ബോണപ്പാട്ടിനെ കുറിച്ചാണ്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം. യുദ്ധത്തിൽ നെപ്പോളിയൻ തോറ്റ് പിൻമാറുകയാണ്. അവസാനം നെപ്പോളിയൻ അഭയം തേടിയത് ഒരു ഗുഹയിൽ. അവിടെ കിടന്ന് രാത്രിമുഴുവൻ തന്റെ ഹതഭാഗ്യത്തെയും തോൽവിയെയും കുറിച്ച് ചിന്തിച്ച് സമയം കൊല്ലുന്നതിന്റെ ഇടയിലാണ് നെപ്പോളിയൻ ഒരു കാര്യം ശ്രദ്ധിച്ചത്, "ഗുഹയുടെ മുന്നിൽ വല കെട്ടാൻ പരിശ്രമിക്കുന്ന ചിലന്തിയെ കണ്ടത്."

ഒരറ്റത്ത് നിന്ന് മറ്റേ അറ്റത്തേയ്ക്ക് ചാടി വല നെയ്യാൻ ചിലന്തി പല പ്രാവശ്യം പരിശ്രമിച്ചു. എന്നിട്ടും, ചിലന്തി പാതിവഴിയിൽ തോറ്റു പോവുകയാണ്. പല പ്രാവശ്യം ഒരറ്റത്ത് നിന്ന് ചാടിയിട്ടും അപ്പുറമെത്താനോ വല നെയ്യാനോ ചിലന്തിക്ക് സാധിക്കുന്നില്ല. അവസാനം, നിരന്തരമായ പരിശ്രമത്തിലൂടെ ചിലന്തി വിജയം ചാടിയെടുക്കുകയാണ്. ഇത് നെപ്പോളിയന് പുതിയ ദർശനമാണ് സമ്മാനിച്ചത്. "സ്ഥിരോത്സാഹത്തോടെ വിജയം കൊയ്തെടുക്കാം എന്നുള്ള വലിയ ദർശനം!"

വിധവയുടെ ജീവിതത്തിന്റെ വിജയത്തിന്റെ ദർശനവും ഇത് തന്നെയാണ് - സ്ഥിരോത്സാഹം. കൂപ്പിയ കരങ്ങളുമായ് ന്യായാധിപന്റെ മുമ്പിൽ ചെന്നതിന് അവൾക്ക് കണക്കില്ല. മുമ്പ് ചെന്നപ്പോഴൊക്കെ ന്യായാധിപൻ അവളുടെ ന്യായമായ ആഗ്രഹത്തിന് അവകാശങ്ങൾക്ക് മുമ്പിൽ പുറം തിരിഞ്ഞ് നടന്നിട്ടേ ഉള്ളു. അതും പറഞ്ഞ്, "ഞാൻ ഇനി ന്യായാധിപനെ കാണാൻ പോകില്ല. എനിക്ക് അദ്ദേഹം ന്യായം നടത്തി തരില്ല" എന്ന് പറഞ്ഞ് ന്യായാധിപനിൽ നിന്ന് അകന്ന് നിന്നിരുന്നെങ്കിൽ വിധവയ്ക്ക് ന്യായം നടത്തി കിട്ടുമായിരുന്നില്ല. അവളുടെ സ്ഥിരോത്സാഹം കല്ലു പോലെയുള്ള ന്യായാധിപന്റെ മനസിനെ ഐസ് പോലെ ഉരുക്കാൻ ശക്തമായിരുന്നു. എങ്കിൽ, "അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ വിശ്വാസത്തോടൊപ്പം ചേർക്കേണ്ട ചേരുവക സ്ഥിരോത്സാഹം തന്നെയാണ്."

വി.ലൂക്കായുടെ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിൽ പ്രാർത്ഥനയുടെ ശക്തിയെ കുറിച്ച് കർത്താവ് പ്രതിപാതിക്കുമ്പോൾ അവിടെയും കർത്താവ്

പങ്കുവയ്ക്കുന്നത് സ്ഥിരോത്സാഹത്തെ കുറിച്ച് തന്നെയാണ്.

''അവൻ അവരോടു പറഞ്ഞു: നിങ്ങളിലൊരുവന് ഒരു സ്നേഹിതനുണ്ടെന്നിരിക്കട്ടെ. അർധരാത്രി അവൻെറ അടുത്തുചെന്ന് അവൻ പറയുന്നു: സ്നേഹിതാ, എനിക്കു മൂന്ന് അപ്പം വായ്പ തരുക. ഒരു സ്നേഹിതൻയാത്രാ മധ്യേ എൻെറ അടുക്കൽ വന്നിരിക്കുന്നു. അവനു കൊടുക്കാൻ എനിക്കൊന്നുമില്ല. അപ്പോൾ, അവൻെറ സ്നേഹിതൻ അകത്തുനിന്നു മറുപടി പറയുന്നു: എന്നെ ഉപദ്രവിക്കരുത്. കതകടച്ചു കഴിഞ്ഞു. എൻെറ കുഞ്ഞുങ്ങളും എൻെറ കൂടെ കിടക്കയിലാണ്. എഴുന്നേറ്റ് നിനക്ക് ഒന്നും തരാൻ സാധിക്കുകയില്ല. ഞാൻ നിങ്ങളോടു പറയുന്നു, അവൻ സ്നേഹിതനാണ് എന്നതിൻെറ പേരിൽ അവന് ഒന്നും കൊടുക്കുകയില്ലെങ്കിൽത്തന്നെ നിർബന്ധം നിമിത്തം എഴുന്നേറ്റ് അവന് വേണ്ടതു നൽകും. മക്കൾക്കു നല്ല ദാനങ്ങൾ നൽകാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല!" (ലൂക്കാ 11,5 - 13).

വിശ്വാസവും സ്ഥിരോത്സാഹവും ഒന്നു ചേരുമ്പോൾ അത്തരം പ്രാർത്ഥനകൾ ദൈവതിരുസന്നിധിയിൽ വിലയുള്ളതായ് മാറ്റപ്പെടുന്നു. പ്രാർത്ഥന പ്രത്യാശയുള്ളവന്റെ ആയുദ്ധമാണ്. പ്രത്യാശയുള്ളവർക്ക് മാത്രമെ വിശ്വാസത്തോട് കൂടി പ്രാർത്ഥിക്കാൻ സാധിക്കു. പ്രാർത്ഥനയെന്നത് നിരന്തരമായ ആശ്രയമാണ്. സുഹൃത്തിനെ ഊട്ടാനായ് അപ്പത്തിനായ് നിരന്തരം അയൽക്കാരനെ നിർബന്ധിക്കുന്നവനും ന്യായവും നീതിയായതും സ്വന്തമാക്കാനായ് ന്യായാധിപനെ നിർബന്ധിക്കുന്ന വിധവയും പഠിപ്പിക്കുന്നതും പങ്കുവയ്ക്കുന്നതും വിശ്വാസത്തോടും സ്ഥിരതയോടും കൂടിയ ആശ്രയമാണ് പ്രാർത്ഥന എന്നുമാത്രമാണ്. എങ്കിൽ ക്രിസ്തു പഠിപ്പിക്കുന്ന പ്രാർത്ഥനയുടെ പ്രത്യേകതകൾ,

1. എപ്പോഴും പ്രാർത്ഥിക്കണം.
2. പ്രാർത്ഥന ഒരു ജീവിത ശൈലിയാക്കണം.
3. വിശ്വാസത്തോട് കൂടെയുള്ളതായിരിക്കണം പ്രാർഥന.
4. പ്രാർത്ഥ പ്രത്യാശയുള്ളവരുടെ ആയുദ്ധമാണ്.
5. ന്യായവും നീതിയായവയുമായിരിക്കണം പ്രാർത്ഥനയുടെ വിഷയങ്ങൾ.

കർത്താവ് പറഞ്ഞത് "നിങ്ങൾ നിരന്തരം പ്രാർത്ഥിക്കണം" എന്നാണ്. അല്ലാതെ ''ഒരിക്കൽ മാത്രം പ്രാർത്ഥിച്ചാൽ മതി" എന്നല്ല. ഇതു രണ്ടും അജ ഗജാന്തരം വ്യത്യാസമുണ്ട്. കാരണം, നീണ്ട മുപ്പത്തിമൂന്ന് വർഷത്തിന്റെ മോണിക്ക പുണ്യവതിയുടെ പ്രാർത്ഥനയുടെ ഫലമാണ് വി.അഗസ്റ്റിൻ. എങ്കിൽ, ചില പ്രാർത്ഥനകൾ എപ്പോഴും ജപമായി അധരത്തിലും ഹൃദയത്തിലും നിറഞ്ഞ് നിൽക്കണം. എങ്കിൽ മാത്രമാണ് അനുഗ്രഹങ്ങളുടെ പെരുമഴക്കാലം ജീവിതത്തിൽ പെയ്തിറങ്ങുകയൊള്ളു.

എന്നിട്ടും, ദൈവം എന്തേ ചില പ്രാർത്ഥനകളുടെ നേരെ കണ്ണടയ്ക്കുന്നേ? തികച്ചും, ന്യായമായിട്ടുള്ള ചോദ്യമാണിത്. ഇതിന് ഒറ്റ ഉത്തരം മാത്രം. മനുഷ്യൻ, അവന്റെ സ്വപ്നങ്ങളാണ് പ്രാർത്ഥിക്കുന്നത്. മനുഷ്യൻ പൂർണനല്ല. അതുകൊണ്ട് തന്നെ അവന്റെ പൂർണതയില്ലാത്ത സ്വപ്നങ്ങളാണ് അവന്റെ പ്രാർത്ഥനയുടെ വിഷയവും. പക്ഷെ, ദൈവം പൂർണനാണ്. അതുകൊണ്ട് തന്നെ അവന്റെ സ്വപ്നങ്ങൾക്കും പൂർണതയുണ്ട്. അതുകൊണ്ട്, മനുഷ്യന്റെ രക്ഷ സ്വപ്നം കാണുന്ന ദൈവം അവന്റെ പൂർണതയില്ലാത്ത ചില സ്വപ്നങ്ങൾക്ക് നേരേ, പ്രാർത്ഥനകൾക്ക് നേരേ കണ്ണടയ്ക്കുന്നു!

*എപ്പോഴും പ്രാർത്ഥിക്കണം!*
*ചുരുക്കത്തിൽ,*
*പ്രാർത്ഥനയ്ക്ക്*
*ഇടമില്ലാത്ത നിമിഷങ്ങൾക്ക്*
*നിന്റെ ജീവിതത്തിലും*
*ഇടമില്ല*
*എന്നർത്ഥം!*

***"ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും.***
***അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും.***
***മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും."***

ലൂക്കാ 11,9

ഫാ. ജോബി മേനോത്ത് : +91 944 7777 931